6 കിലോമീറ്റർ ദൂരം കടലാക്രമണം ഇപ്പോഴുണ്ടായി. ഇതിനിപ്പോൾ 10 ലക്ഷം രൂപ എന്നുള്ളതു് വളരെ അപര്യാപ്തമാണെന്നറിയാം. ഏതായാലും അതിനായി 25 ലക്ഷം രൂപ അലോട്ട് ചെയ്യാൻ പറഞ്ഞിട്ടുണ്ട്. ഉള്ള അലോട്ട്മെന്റിൽനിന്നല്ലേ കൊടുക്കാൻ കഴിയൂ. അടിയന്തര കടലാക്രമണ പ്രവൃത്തികൾക്കായി കഴിഞ്ഞ വർഷം 115 ലക്ഷം രൂപ ചെലവഴിച്ചു. കടൽഭിത്തിയില്ലാത്ത സ്ഥലങ്ങളിൽ പഠനം നടത്തുന്നതിനായി ഐ.ഐ.റ്റി.-ക്ക് ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഐ.ഐ.റ്റി. പഠനം വേഗത്തിൽ പൂർത്തിയാക്കിത്തരുന്നുണ്ട്. അതിനുള്ള ഫണ്ട് ക്യാബിനറ്റിൽ വച്ച് അനുവദിച്ചുനൽകുന്നതാണ്.

9. മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തൽ

<u>ശ്രീ. പി. തിലോത്തമൻ</u> : സർ, ചേർത്തല മണ്ഡലത്തിലെ മുഹമ്മ കേന്ദ്രമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആ പഞ്ചായത്തിലെയും സമീപ പ്രദേശങ്ങളിലെ നാലഞ്ച് പഞ്ചായത്തുകളിലെയും ജനങ്ങളുടെ ഒരു അഭയ കേന്ദ്രമാണ്. ആലപ്പുഴ കഴിഞ്ഞാൽ ചേർത്തലയുള്ളിൽ ഏക ആതുരാലയമെന്നുപറയുന്നത് മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാണ്. ഈ പ്രദേശത്തെ ജനങ്ങളുടെ അഭയകേന്ദ്രമായ പ്രസ്തുത ആശുപത്രി, കഴിഞ്ഞ കുറെ വർഷങ്ങളായി മുമ്പ് പ്രവർത്തിച്ചതുപോലെ പ്രവർത്തിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഒട്ടേറെ പരിമിതികളുണ്ടെങ്കിലും കിടത്തിച്ചികിത്സാ സൗകര്യങ്ങളുള്ള ആശുപത്രിയാണെങ്കിലും കഴിഞ്ഞ മൂന്നുവർഷമായി 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ലഭിക്കുന്നില്ല. ദിവസേന അഞ്ഞൂറിൽപ്പരം രോഗികൾ ഔട്ട് പേഷ്യന്റ്സായി എത്തുന്ന ഈ ആശുപത്രിയിൽ ഈ പരിമിതി വലിയ ഒച്ചപ്പാടിനും ബഹളത്തിനും പ്രക്ഷോഭങ്ങൾക്കുമൊക്കെ വഴിവച്ചിരിക്കുകയാണ്. കഴിഞ്ഞ മൂന്നുവർഷമായി അവിടെ നിരന്തരമായ സമരങ്ങളും പ്രക്ഷോഭങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. ഈ വിഷയം സഭയിൽ ഞാൻ ഇതിനുമുമ്പും ഉന്നയിച്ചപ്പോൾ അവിടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നമുറയ്ക്ക് താലൂക്ക് ആശുപത്രിയായി ഉയർത്തിക്കൊണ്ട് 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്താമെന്നാണ് ആരോഗ്യ വകുപ്പുമന്ത്രി മറുപടി നൽകിയത്. ആ ആശുപത്രിയിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഞങ്ങൾ ഏർപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇനിയെങ്കിലും താമസംകൂടാതെ പ്രസ്തുത ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തിക്കൊണ്ട് 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിലവിൽ അനുവദിച്ചിട്ടുള്ള കിടക്കകളുടെ എണ്ണം 23-ഉം ശരാശരി പ്രതിദിന ഒ.പി. 450-ഉം ഐ.പി. 18-ഉം ആണ്. പ്രസ്തുത ആശുപത്രിയിൽ 5 ഡോക്ടർമാർ ഉൾപ്പെടെ 33 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. അനുവദിക്കപ്പെട്ടിട്ടുള്ള 5 തസ്തികകളിലും ഡോക്ടർമാർ സേവനമനുഷ്ഠിച്ചുവരുന്നു. ഇതുകൂടാതെ, എൻ.ആർ.എച്ച്.എം. മുഖേന രണ്ട് ഡോക്ടർമാരുടെയും രണ്ട് സ്റ്റാഫ് നഴ്സുമാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. നിലവിലെ ഒ.പി. പ്രവർത്തനസമയം രാവിലെ 9 മണിമുതൽ ഉച്ചയ്ക്ക് ഒരു മണിവരെയും ഉച്ചയ്ക്കുശേഷം രണ്ടുമണിമുതൽ ഏഴ് മണിവരെയുമാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഐ.പി. വിഭാഗത്തിൽ ഓൺകാൾ ഡ്യൂട്ടിക്കായി ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ആശുപത്രിയിൽനിന്ന് 10 കി.മീ. ദൂരപരിധിയിൽ ചേർത്തല താലൂക്ക് ആശുപത്രിയും 12 കി.മീ. ദൂരപരിധിയിൽ ആലപ്പുഴ ജനറൽ ആശുപത്രിയും പ്രവർത്തിച്ചുവരുന്നു. ഈ സാഹചര്യത്തിൽ, പ്രസ്തുത ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തേണ്ടതില്ല എന്നാണ് ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും ലഭിച്ച റിപ്പോർട്ട്. ഓരോ ബ്ലോക്ക് പഞ്ചായത്തിലും ഒരു ആശുപത്രിയിൽ സ്പെഷ്യാലിറ്റി ചികിത്സാസംവിധാനം ഏർപ്പെടുത്തുന്ന പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത 154 ആശുപത്രികളിൽ പ്രസ്തുത ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ശിപാർശ സമർപ്പിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ശിപാർശ ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

V മേശപ്പുറത്തുവച്ച കടലാസ്സുകൾ

1. ചട്ടം 47(2) അനുസരിച്ചുള്ള കടലാസ്സുകൾ

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 2332-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും

LIBRARY ARCHIVES Kerala Legislative Assembly